# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07.02.2019 ൽ മറുപടിക്ക്**

**ചോദ്യം നം. 2407**

ഉത്തരവാദിത്ത ഖനന രീതിനടപ്പിലാക്കുവാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) കരിമണൽ ഖനനത്തിലെ അശാസ്ത്രീയ തകൾ പരിഹരിക്കുവാനും ഖനന പ്രദേശത്തെ ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കും ആശങ്കകൾക്കും പരിഹാരം കാണുന്നതിനും ഉത്തര വാദിത്ത ഖനന രീതി (Responsible Mining) നടപ്പിലാക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അറ്റോമിക് മിനറൽ ഡയറക്ടറേറ്റ് അംഗീകരിച്ച മൈനിംഗ് പ്ലാൻ അനുസരിച്ചാണ് കരിമണൽ ഖനനം നടത്തേണ്ടത്. കരിമണൽ ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി, ജനപ്രതിനിധി കളുടെയും, ഉന്നത ഉദ്യോഗസ്ഥരുടെയും, കമ്പനി അധികൃതരുടെയും ഒരു യോഗം 16.01.2019-ന ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് NCESS-നെ ചുമതലപ്പെടുത്തു ന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാന മെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഖനനം നടത്തുന്ന കമ്പനികൾ സീ വാഷിംഗ് നടത്തുവാൻ പാടില്ലായെന്ന് കമ്പനി അധികൃതർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 22.01.2019 മുതൽ ഐ.ആർ.ഇ. സീ വാഷിംഗ് നിർത്തിവച്ചി ട്ടുണ്ട്. പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച ശേഷം മാത്രമേ എന്തൊക്കെ തുടർനടപടികൾ സ്വീകരിക്കാ നാകുമെന്ന് തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. കൂടാതെ, ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, വിഷയവിദഗ്ധർ |

എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത സമിതി ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാ ലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായ പരിഹാര നടപടികൾക്ക് ശുപാർശ ചെയ്യുകയും വേണം.

| | |
|---|---|
| (ബി) കൊല്ലം ജില്ലയിലെ ആലപ്പാട്ട് നിവാസികൾക്ക് ഖനനം മൂലം ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ബി) ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വ സ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുകയും ചെയ്യണം എന്ന് 16.01.2019 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഐ.ആർ.ഇ-യോട് ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ ഐ.ആർ.ഇ. കമ്പനി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ ഖനനം നടക്കുന്ന സ്ഥലത്ത് കടൽത്തീരത്തിന് സമാന്തരമായി കടൽ ഭിത്തി നിർമ്മിച്ച് വന്നിട്ടുള്ളതാണ്. ആയതിന്റെ അറ്റകുറ്റപണികൾ ഖനനം നടത്തുന്ന കമ്പനികളുടെ സഹായത്തോടെ വർഷാവർഷം ചെയ്തു വരുന്നുണ്ട്. കൂടാതെ കടൽത്തീരവർദ്ധനവിനും തീരത്ത് അടിയുന്ന ധാതുക്കൾ ശേഖരിക്കുന്നതിനും കടൽത്തീരത്തിനു ലംബമായി പുലിമുട്ടുകൾ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ